തദ്ദേശഭരണ-ഗ്രാമവികസന വകുപ്പുകളുടെ സംയോജനം

32 (1940) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രാമവികസന തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ലയനം നടക്കുമ്പോൾ രണ്ട് വകുപ്പിലേക്കും ജീവനക്കാർക്ക് കഴിയുന്നതും ബുദ്ധിമുട്ട് ഒഴിവാക്കാൻ സർക്കാർ ശ്രദ്ധിക്കുമോ ?

ഉത്തരം

29-4-99 ലെ സർക്കാർ ഉത്തരവ് (സർക്കാർ ഉത്തരവ് കയ്യെഴുത്ത് 368/99/ജി.എ.ഡി.) പ്രകാരം, സെക്രട്ടേറിയറ്റ് തലത്തിൽ മാത്രമാണ് വകുപ്പ് സംയോജനം ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. അതുകൊണ്ട് ജീവനക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാൻ സാദ്ധ്യതയില്ല.

ഡി.ആർ.ജി.എ. ജില്ലാ പഞ്ചായത്തുകളിൽ ലയിപ്പിക്കാൻ നടപടി

33 (1941) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.ആർ.ഡി.എ. ജില്ലാ പഞ്ചായത്തുകളിൽ ലയിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള നടപടി ഏതുവരെയായി എന്നു വ്യക്തമാക്കാമോ ;

(സി) ഇതിനുവേണ്ടി നിയമിച്ച ഡോ. തോമസ് ഐസക് കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ജില്ലാ ഗ്രാമവികസന ഏജൻസികൾ ജില്ലാ പഞ്ചായത്തുകളിൽ ലയിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(ബി) ജി. ആർ. ഡി. എ. ജില്ലാ പഞ്ചായത്തുകളിൽ ലയിപ്പിക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ രൂപപ്പെടുത്താൻ പ്ലാനിംഗ് ബോർഡ് അംഗം ശ്രീ. തോമസ് ഐസക് ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly